പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4308 | 21.07.20 ൽ മറുപടിയ്ക്ക് |
|---|---|
| **ജെൻഡർ പാർക്കുകൾ** | |
| ചോദ്യം | ഉത്തരം |
| ശ്രീ.സി.ദിവാകരൻ | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
| (എ) കേരളത്തിൽ എവിടെയെല്ലാമാണ് ജെൻഡർ പാർക്കുകൾ സ്ഥാപിച്ചിട്ടുള്ളത്; എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പാർക്കുകൾ മുഖേന കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ; | (എ) സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള ജെൻഡർ പാർക്കിന്റെ ആദ്യ ഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ കോഴിക്കോട് വെള്ളിമാട് കുന്നിൽ 2015 ഏപ്രിൽ 15 ന് ആരംഭിക്കുകയുണ്ടായി. തുടർന്ന് എറണാകുളത്തും, തിരുവനന്തപുരത്തും ജെൻഡർ പാർക്കുകൾ ആരംഭിക്കുവാൻ ഉദ്ദേശിച്ചിട്ടുണ്ട്. സാമൂഹ്യനീതി വകുപ്പിന്റെ നടപ്പിലാക്കുന്ന ജെൻഡർ പാർക്ക് പദ്ധതി ഇത്തരത്തിലുള്ള ഇൻഡ്യയിലെ തന്നെ ആദ്യത്തെ സംരംഭമാണ്. തുടക്കത്തിൽ കോഴിക്കോട് വെള്ളിമാട് കുന്നിൽ സാമൂഹ്യനീതി വകുപ്പിന്റെ 24 ഏക്കർ സ്ഥലത്താണ് ആദ്യത്തെ ജെൻഡർ പാർക്ക് നിലവിൽ വരുന്നത്. സാമൂഹ്യനീതി വകുപ്പിനു കീഴിൽ രജിസ്റ്റർ ചെയ്യുന്ന ലാഭേച്ഛയില്ലാത്ത പൂർണ്ണമായും സർക്കാർ നിയന്ത്രണത്തിലുള്ള സൊസൈറ്റിയായിട്ടാണ് ജെൻഡർ പാർക്ക് നിലവിൽ വരുന്നത്. വനിതകളുടെ സാമ്പത്തിക, സാമൂഹ്യ പുരോഗതിയ്ക്കായുള്ള പദ്ധതികൾ ആവിഷ്കരിക്കുകയും ഏകോപിപ്പിക്കുകയുമാണ് ജെൻഡർ പാർക്ക് മുഖേന നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. ജെൻഡർ പാർക്കിന്റെ പദ്ധതികൾ നടപ്പിലാക്കുന്നതിനുവേണ്ടി സ്പെഷ്യൽ ഓഫീസറെ നിയമിച്ചിട്ടുണ്ട്. ഇതു കൂടാതെ ജെൻഡർ പാർക്കിന്റെ ഓഫ് ക്യാമ്പസ് പദ്ധതിയിൽപ്പെടുത്തി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിൽ ഷീ-ടാക്സി പദ്ധതിയും ആരംഭിച്ചിട്ടുണ്ട് |

സെക്ഷൻ ഓഫീസർ